## പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.199 05.02.2018-ലെ മറുപടിയ്ക്ക്

## കളിയിലൂടെ ആരോഗ്യം പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.കാരാട്ട് റസാഖ്**<br>**,, ആന്റണി ജോൺ**<br>**,, ഡി.കെ.മുരളി**<br>**,, എൻ.വിജയൻ പിള്ള** | | **ശ്രീ.എ.സി.മൊയ്തീൻ**<br>ബഹു.വ്യവസായവും വാണിജ്യവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി | |
| (എ) | കളിയിലൂടെ ആരോഗ്യം പദ്ധതി സ്കൂളുകളിൽ നടപ്പിലാക്കി വരുന്നുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്. 1 മുതൽ 4 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് കായികക്ഷമത ഉറപ്പുവരുത്തുകയാണ് പദ്ധതിയുടെ ലക്ഷ്യം. പ്രൈമറി തലം മുതൽ ഓരോ കുട്ടിയേയും കായിക വിനോദങ്ങളിലേർപ്പെടുത്തുവാൻ അതാത് സ്കൂളുകളിൽ തന്നെ സൗകര്യങ്ങളും സ്ഥലവും പ്രദാനം ചെയ്യുക വഴി കുട്ടികളിൽ കായിക അഭിരുചി വളർത്തിയെടുക്കുകയും ഭാവിയിൽ ഓരോ കുട്ടിക്കും അനുയോജ്യമായ കായികയിനം തെരഞ്ഞെടുക്കുന്നതിന് സാഹചര്യമൊരുക്കുകയും ചെയ്യുന്നു. നടപ്പു സാമ്പത്തികവർഷം സംസ്ഥാനത്തെ 25 സ്കൂളുകളിൽ ടി പദ്ധതി നടപ്പിലാക്കുന്നതിന് ആകെ 1.25 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായി സിഡ്കോയെ തെരഞ്ഞെടുത്തിട്ടുണ്ട്. പദ്ധതി നടപ്പിലാക്കുന്ന സ്കൂളുകളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) | കുട്ടികളെ രാജ്യാന്തര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനായി സ്കൂൾ കായികരംഗം സമൂലമായി പരിഷ്കരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം | (ബി) | സ്കൂൾ കുട്ടികളെ രാജ്യാന്തര നിലവാരത്തിലേക്ക് ഉയർത്തുന്നതിന്റെ ഭാഗമായി വിദ്യാഭ്യാസ വകുപ്പ് ധാരാളം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. പരിശീലനം നൽകുന്നതിന് സർക്കാർ സ്കൂളുകളിലെ മുഴവൻ |

| | | | |
|---|---|---|---|
| | നൽകുമോ; | | തസ്തികകളിലും അദ്ധ്യാപകരെ നിയമിച്ചിട്ടുണ്ട്. കൂടാതെ കായിക അദ്ധ്യാപക തസ്തികകളില്ലാത്ത സ്കൂളുകളിൽ എസ്.എസ്.എ വഴി പാർട്ട് ടൈം കായിക അദ്ധ്യാപകരെയും നിയമിച്ചിട്ടുണ്ട്. വരും വർഷങ്ങളിൽ കൂടുതൽ മത്സര ഇനങ്ങൾ ഉൾപ്പെടുത്തുന്നതിനായി കേരള സ്കൂൾ സ്പോർട്സ് മാന്വൽ പരിഷ്കരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാർ സ്കൂൾ കുട്ടികളെ രാജ്യാന്തര നിലവാരത്തിലേക്ക് ഉയർത്തുന്നതിലേയ്ക്കായി ആവിഷ്കരിച്ച് 'ഖേലോ ഇന്ത്യ ' മത്സരങ്ങളിൽ ദേശീയ തലത്തിൽ മികവു തെളിയിച്ച 121 കുട്ടികളെ ഈ വർഷം പങ്കെടുപ്പിക്കുകയുണ്ടായി. |
| (സി) | സ്പോർട്സ് സ്കൂളുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (സി) | സ്പോർട്സ് സ്കൂളുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി ഗവ.ജി.വി.രാജാ സ്പോർട്സ് സ്കൂൾ, മൈലം തിരുവനന്തപുരം, ഗവ.ജി.വി.എച്ച്.എസ്.എസ് (സ്പോർട്സ്), കണ്ണൂർ എന്നിവയുടെ ഭരണ നിയന്ത്രണ ചുമതല പൊതു വിദ്യാഭ്യാസ വകുപ്പിൽ നിന്നും കായിക വകുപ്പ് ഏറ്റെടുത്തിട്ടുണ്ട്.<br>കായിക വകുപ്പ് ഏറ്റെടുത്തിനുശേഷം ഈ സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് ദേശീയ അന്തർ ദേശീയ മത്സരങ്ങളിൽ മികച്ച പ്രകടനം കാഴ്ച വയ്ക്കാൻ കഴിയും വിധം ലോകോത്തര നിലവാരത്തിലുള്ള പരിശീലനവും അടിസ്ഥാന സൗകര്യങ്ങളും ഒരുക്കുന്നതിന്റെ ഭാഗമായി മികച്ച കായിക ഉപകരണങ്ങൾ വാങ്ങി നൽകിയിട്ടുണ്ട്. കൂടുതൽ കായിക ഉപകരണങ്ങൾ വാങ്ങുന്നതിനായുള്ള നടപടികളും കൈക്കൊണ്ടുവരുന്നു. രണ്ടു സ്കൂളുകളിലും ഹോസ്റ്റലുകൾ ഉൾപ്പെടെയുള്ള അടിസ്ഥാനസൗകര്യങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്.<br>ടി സ്കൂളുകളിലെ പഠന നിലവാരം ഉയർത്തുന്നതിന്റെ ഭാഗമായി ഇന്റർ ആക്ടീവ് ക്ലാസ്സ് റൂം, അറ്റൻഡൻസ് |

| | | | |
|---|---|---|---|
| | | | സ്ഥാപിക്കുന്നതിനുള്ള നടപടികളും കൈക്കൊണ്ടുവരുന്നു. കായിക അധ്യാപകരുടെ കുറവ് നികത്തുന്നതിനായി ഓരോ കായിക ഇനത്തിലും ആവശ്യമായ കായിക അധ്യാപകരെ നിയമിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ ജി.വി.രാജാ സ്പോർട്സ് സ്കൂളിലെ 2 ബാസ്കറ്റ് ബോൾ കോർട്ട്, ഇൻഡോർ ഹാൾ, ഹോക്കി കോർട്ട്, വോളിബോൾ കോർട്ട് എന്നിവയുടെ നവീകരണം നടന്നുവരുന്നു. |
| (ഡി) | എല്ലാ ജില്ലകളിലും വിവിധോദ്ദേശ ഇൻഡോർ സ്റ്റേഡിയങ്ങൾ നിർമ്മിക്കുന്നതിനുള്ള നടപടി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ? | (ഡി) | അടിസ്ഥാന കായിക സൗകര്യങ്ങളുടെ വികസനം ലക്ഷ്യമിട്ട് സംസ്ഥാനത്തെ 14 ജില്ലകളിലും ഓരോ മൾട്ടിപർപ്പസ് ഇൻഡോർ സ്റ്റേഡിയം പ്രത്യേക നിക്ഷേപ പദ്ധതി പ്രകാരം നിർമ്മിക്കുന്നതാണെന്ന് 2016-17 ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിരുന്നു.<br>തിരുവനന്തപുരം, കോട്ടയം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ എന്നീ ജില്ലകളിലെ സ്റ്റേഡിയങ്ങൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ആയതിൽ തിരുവനന്തപുരം, തൃശ്ശൂർ, മലപ്പുറം ജില്ലാ സ്റ്റേഡിയങ്ങൾക്ക് കിഫ്ബി അംഗീകാരവും ലഭിച്ചിട്ടുണ്ട്. കായിക വകുപ്പിന്റെ കിഫ്ബി പദ്ധതികളുടെ എസ്.പി.വി ആയ കിറ്റ്കോ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. സ്റ്റേഡിയം നിർമ്മാണത്തിന് അനുയോജ്യമായ സ്ഥലം കണ്ടെത്തിയിട്ടില്ലാത്ത പാലക്കാട്, എറണാകുളം ജില്ലകളൊഴികെയുള്ള മറ്റ് ജില്ലകളിലെ സ്റ്റേഡിയങ്ങളുടെ ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**

5

<u>അനുബന്ധം I</u>

1. ഗവ. എൽ.പി.സ്കൂൾ, മുഴുപ്പിലങ്ങാട്
2. ഗവ. എൽ.പി.സ്കൂൾ, കടങ്ങോട്
3. ഗവ. എൽ.പി.സ്കൂൾ, പുതുക്കോട്
4. ഗവ. എൽ.പി.സ്കൂൾ, നങ്ങ്യാർകുളങ്ങര
5. ഗവ. എൽ.പി.സ്കൂൾ, പെരുന്നേർമംഗലം
6. ഗവ. എൽ.പി.സ്കൂൾ, കീക്കാംകോട്ട്
7. ഗവ. എൽ.പി.സ്കൂൾ, മറ്റത്തൂർ
8. ഗവ. ഫിഷറീസ് എൽ.പി.സ്കൂൾ, വെളിയംകോട്
9. എൽ.പി.സ്കൂൾ, കുളത്തൂർ
10. ഗവ. എൽ.പി.സ്കൂൾ, എടപ്പാൾ
11. ഗവ. എൽ.പി.സ്കൂൾ, അമ്പലത്തുങ്കൽ
12. ഗവ. എൽ.പി.സ്കൂൾ, മുക്കാട്ടുകര
13. ഗവ. മിക്സഡ് യു.പി.സ്കൂൾ, തളാപ്പ്
14. പേരൂർ ഗവ. ഗോപികാ സദനം എൽ.പി.സ്കൂൾ,
15. ഗവ. എൽ.പി.സ്കൂൾ, വടക്കുമ്പാട്
16. ഗവ. എൽ.പി.സ്കൂൾ, ആരംപുന്ന
17. ഗവ. എൽ.പി.സ്കൂൾ, ചക്കരക്കുളം
18. ഗവ. എൽ.പി.സ്കൂൾ, മുണ്ടിയെരുമ
19. ട്രൈബൽ യു.പി.സ്കൂൾ, കണ്ണവം
20. ജി.എസ്.കെ.വി.എൽ.പി.എസ്, കഠിനകുളം
21. ഗവ. എൽ.പി.സ്കൂൾ, അമ്പലപ്പുഴ
22. ഗവ. ജെ.ബി.എസ്., കുണ്ടൂർ
23. ഗവ. എൽ.പി.സ്കൂൾ, കല്ലുപാടി
24. ഗവ. എച്ച്.എസ്.എസ്., നെടുംകുന്ന്
25. ജി.എം. യു.പി.സ്കൂൾ, അരീക്കോട്

5-0